# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 5811

02.07.2014 ലെ മറുപടിക്ക്

### സഞ്ചാരികളുടെ താമസസൗകര്യത്തിനായി ഡാറ്റാബേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ടൂറിസം വകുപ്പ്, സഞ്ചാരികളുടെ താമസസൗകര്യത്തിനായി ഡാറ്റാബേസ് തയ്യാറാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) ഡാറ്റാബേസ് തയ്യാറാക്കുന്നതിന് താഴെ പറയുന്ന ലക്ഷ്യങ്ങളാണ് ഉള്ളത്:<br>1. കേരളത്തിലെ താമസസൗകര്യങ്ങളുള്ള എല്ലാ യൂണിറ്റുകളുടെയും വിവരങ്ങൾ ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി പ്രസിദ്ധപ്പെടുത്തുക.<br>2. പുതിയ ടൂറിസം പദ്ധതികൾ രൂപീകരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും വിവിധതരത്തിലുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുവാൻ ഈ ഡാറ്റാവെബ് സഹായകരമാകും. |
| സി) ടൂറിസം വികസനത്തിനും സഞ്ചാരികൾക്ക് താമസസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഇത് എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കുമോ ; | സി) കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ഹോട്ടൽ, റിസോർട്ട്, ഹോംസ്റ്റേ, ഗൃഹസ്ഥലി, റെസ്റ്റ്ഹൗസ്, ഗസ്റ്റ്ഹൗസ് തുടങ്ങിയ എല്ലാ അക്കോമഡേഷൻ യൂണിറ്റുകളുടേയും വിശദവിവരങ്ങൾ വെബ്സൈറ്റുവഴി നൽകുമ്പോൾ ടൂറിസ്റ്റുകൾക്ക് അവർക്കനുയോജ്യമായ താമസസൗകര്യം തെരഞ്ഞെടുക്കുവാൻ എളുപ്പവഴി |

(..........2)

യൊരുക്കുന്നു. വിവിധ സ്ഥലങ്ങളിലെ താമസസൗകര്യങ്ങളുടെ അപാകതകൾ മനസ്സിലാക്കി പുതിയ പദ്ധതികൾ ആവിഷ്കരിക്കാനും ഇത് ഉപകരിക്കും. ടൂറിസത്തിന്റെ സമഗ്ര വികസനത്തിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഈ ഡാറ്റാബേസ് ഏറെ ഉപയോഗപ്രദമാകും.

ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഡാറ്റാബേസ് തയ്യാറാക്കുന്നതിന്റെ ഭാഗമായി സർവ്വേ പൂർത്തിയാക്കിവരുകയും ഡാറ്റാ എൻട്രി നടന്നുകൊണ്ടിരിക്കുകയുമാണ്. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ വിവിധ താലൂക്കുകളിലുള്ള സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാർ വഴി താമസസൗകര്യമുള്ള എല്ലാ യൂണിറ്റുകളുടേയും വിവരശേഖരണം നടത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**